II.ഇ.ബി. XII--കേരള നിയമസഭ/II- 6

**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2006 സെപ്റ്റംബർ 27, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

34 (*181) കായികരംഗം ജനകീയമാക്കുന്നതിന് പദ്ധതികൾ

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, സംസ്ഥാന കായിക രംഗം കൂടുതൽ ജനകീയമാക്കാനും വികേന്ദ്രീകരിക്കാനും ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാനതലം മുതൽ പഞ്ചായത്ത്തലംവരെ സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിക്കുമെന്നും അതിന്റെ ഭാഗമായി കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ പുന:സംഘടിപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാന-ജില്ലാ-പഞ്ചായത്ത് തലങ്ങളിൽ സ്പോർട്ട്സ് കൗൺസിലുകളെ തെരഞ്ഞെടുക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി സർക്കാർ ഒരു സ്പോർട്ട്സ് കൗൺസിലിനെ നോമിനേറ്റ് ചെയ്തിട്ടുണ്ട്. കൂടുതൽ പേരെ കായിക രംഗത്ത് ആകർഷിക്കുന്നതിനും കായിക താരങ്ങളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മിനി ഗെയിംസ്, റൂറൽ സ്പോർട്ട്സ് മീറ്റ്, വിമൻ സ്പോർട്ട്സ് മീറ്റ്, കോളേജ് ഗെയിംസ്,

മാരത്തോൺ മത്സരം എന്നിവ നടത്തിവരുന്നതുകൂടാതെ വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കാനും സംസ്ഥാന-ദേശീയ-അന്തർദേശീയ തലങ്ങളിൽ വിജയംവരിച്ച കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിക്കുന്നു. സർക്കാർ ഡിപ്പാർട്ടുമെന്റുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും സ്പോർട്ട്സ് ടീമുകളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിച്ചുവരുന്നു. സ്പോർട്ട്സിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഒരു വാർഡിൽ ഒരു കളിസ്ഥലവും ഒരു പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയവും ഒരു സ്വിമ്മിംഗ് പൂളും സ്ഥാപിക്കുന്നതാണ്. സ്കൂൾ തലത്തിലുള്ള എല്ലാ കുട്ടികൾക്കും സമഗ്ര കായിക പരിശീലനം ലക്ഷ്യമിട്ടുകൊണ്ട് 'ഓപ്പറേഷൻ ഒളിമ്പിയ' പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വികലാംഗരായ കുട്ടികളുടെ കായിക വികസനത്തിന് ഒരു പ്രത്യേക നയം ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. സ്പോർട്ട്സിന്റെ വികസനത്തിനായി വിഭവ സമാഹരണം ലക്ഷ്യമിട്ടുകൊണ്ട് ഒരു സ്പോർട്ട്സ് ലോട്ടറി നടത്തുന്നതിനെക്കുറിച്ച് ധനകാര്യവകുപ്പുമായി ചർച്ച നടത്തിവരികയാണെന്നും എം.പി.മാരും എം.എൽ.എ.മാരും പ്രാദേശിക വികസന ഫണ്ടിന്റെ 25 ശതമാനം തുകയും തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു വിഹിതവും ഇതിനായി മാറ്റിവയ്ക്കേണ്ടതാണെന്നും മന്ത്രി പറഞ്ഞു. കേരള ലോട്ടറിയുടെ റി-ലോഞ്ചിംഗുമായി ബന്ധപ്പെട്ട് ആദ്യത്തെ സൂപ്പർ ബമ്പർ സ്പോർട്ട്സ് വികസനത്തെ ലക്ഷ്യമാക്കിയായിരിക്കുമെന്നും എം.എൽ.എ.മാരും എം.പി.മാരും തദ്ദേശ ഭരണ സ്ഥാപനങ്ങളും സ്പോർട്ട്സ് വികസനത്തിനുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള ഇൻസെന്റീവായി അതിൽനിന്ന് കിട്ടുന്ന പണം ഉപയോഗപ്പെടുത്തുന്ന

തിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണെന്നും ധനകാര്യ വകുപ്പുമന്ത്രി ഒരുപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് അറിയിച്ചു. കേന്ദ്ര ഗവൺമെന്റ് 2005 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പുതിയ സ്പോർട്ട്സ് നയത്തിന്റെ അടിസ്ഥാന ത്തിൽ സ്പോർട്ട്സിനെ ഒരു സംസ്ഥാന വിഷയമെന്നുള്ള നിലയിൽ കണ്ടു കൊണ്ട് നിർത്തലാക്കിയിട്ടുള്ള എല്ലാ കേന്ദ്ര സഹായങ്ങളും പുന:സ്ഥാപിക്കുക; ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി നടപ്പിലാക്കുന്നതിന് സഹായം ലഭ്യമാക്കുക; കളരി–മർമ്മ ചികിത്സാലയങ്ങൾ സ്ഥാപിക്കാനുള്ള സഹായം ലഭ്യമാക്കുക; കായിക വിനോദം ലക്ഷ്യമിട്ടുകൊണ്ടുള്ള 'Sports for All, Health for All' പദ്ധതി നടപ്പിലാക്കുക; പരമ്പരാഗത ആയോധന കലകളും നാടൻ കളികളും പ്രോത്സാഹിപ്പിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള പുതിയ പദ്ധതി നടപ്പിലാക്കുക; സംസ്ഥാനത്ത് സ്പോർട്ട്സ് നിയമം നടപ്പിലാ ക്കുന്നതിന് സഹായം നൽകുക; അന്തർദേശീയ കായിക മേള നടത്താൻ സഹായം നൽകുക; മികച്ച കായിക പ്രതിഭകൾക്ക് പെൻഷനും അവാർഡുകളും കേന്ദ്ര സർക്കാരിൽ ജോലിയും നൽകുക എന്നീ ആവശ്യങ്ങളടങ്ങിയ നിവേദനം കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുണ്ട്. നെടുമങ്ങാട് താലൂക്കിലെ അരുവിക്കരയിൽ 16 ഏക്കർ വരുന്ന സ്ഥലത്ത് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി ജി.വി. രാജാ സ്പോർട്ട്സ് സ്കൂൾ മാറ്റി സ്ഥാപിക്കുകയും ഈ സ്ഥാപനത്തെ സ്പോർട്ട്സിന്റെ സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാറിൽ എട്ടു വർഷം മുമ്പ് ആരംഭിച്ച ഹൈ ആൾട്ടിട്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ പണി ഒരു വർഷത്തിനുള്ളിലും തൃശ്ശൂരിലെ സ്വിമ്മിംഗ് പൂളിന്റെ പണികൾ

അടിയന്തിരമായും പൂർത്തിയാക്കുന്നതാണ്. ഇടുക്കിയിൽ സ്ഥാപിച്ചിട്ടുള്ള വോളിബോൾ അക്കാഡമിയുടെ പ്രവർത്തനം ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ ഫുട്ബോൾ അക്കാഡമി സ്ഥാപിക്കാൻ തീരുമാനിച്ചി ട്ടുണ്ട്. വണ്ടൂരിൽ ഒരു സ്പോർട്ട്സ് സ്കൂൾ ആരംഭിക്കുന്ന കാര്യം പരിഗണി ക്കുന്നതാണ്. സ്കൂൾ ഗ്രൗണ്ടുകളിൽ പരിശീലനം നടത്തുന്നതിന് ഡി.പി.ഐ. യുടെ ഉത്തരവുമൂലം ഉണ്ടായിട്ടുള്ള തടസ്സങ്ങൾ നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. 2006-ലെ കേരളോത്സവ പരിപാടികളുടെ സംസ്ഥാനതല ഉത്ഘാടനം ഒക്ടോബർ 1-ന് തൃശ്ശൂർ ജില്ലയിലെ ചേലക്കര യിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും അതിൽ ഫുട്ബോൾ, കബഡി, നീന്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

35 (*182) <u>ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെ നടപടി</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, പഴങ്ങൾ, പച്ചക്കറികൾ, മത്സ്യം എന്നിവ കേടാകാതിരിക്കാൻ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തു ക്കൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പഴങ്ങളുടേയും പച്ചക്കറികളുടേയും 163 സാമ്പിളുകൾ പരിശോധന നടത്തിയ തിൽ 3 എണ്ണത്തിൽ കീടനാശിനിയുടെ അളവ് പരിധിയിൽ കൂടുതലുള്ളതായി കണ്ടെത്തിയതിനാൽ മായം ചേർക്കൽ നിരോധന നിയമ പ്രകാരം കുറ്റ ക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. മായം ചേർക്കൽ നിരോധന നിയമത്തിൽ ആവശ്യമായ ചട്ടം ഇല്ലാത്തതിനാൽ മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ഉണ്ടോയെന്ന് പരിശോധന

യിലൂടെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ കേന്ദ്ര ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് പി.എഫ്.എ. ആക്ടിന്റെ അടിസ്ഥാന ത്തിൽ ഒരു ബദൽ സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. രാസ വസ്തുക്കളുടെ അമിത ഉപയോഗംകൊണ്ട് ഉണ്ടാകുന്ന ആരോഗ്യ പ്രശ്ന ങ്ങൾ പരിശോധിക്കാൻ പ്രത്യേക പഠനങ്ങളൊന്നും ആരോഗ്യ വകുപ്പ് നടത്തി യിട്ടില്ല. മായം ചേർക്കലിനെതിരെ ഉല്പാദകനും ഉപഭോക്താവിനും വേണ്ടത്ര ബോധവത്കരണ പരിപാടികൾ ആരോഗ്യവകുപ്പ് നടത്തിവരുന്നു. ആരോഗ്യ ത്തിന് ഹാനികരമായ വസ്തുക്കൾ കണ്ടെത്തിയാൽ പി.എഫ്.എ. നിയമവും ചട്ടവും അനുശാസിക്കുന്ന നടപടികൾ കുറ്റക്കാർക്കെതിരെ സ്വീകരിക്കുന്ന താണ്. മായം ചേർക്കൽ കണ്ടെത്തി ഫലപ്രദമായി തടയുന്നതിന് പരിശോധന ഊർജ്ജിതമാക്കാൻ സംസ്ഥാനത്തെ ഫുഡ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റിന്റെ (സി.എസ്.ഇ.) റിപ്പോർട്ടിനെത്തുടർന്ന് നടത്തിയ പരിശോധനയിൽ കൊക്കകോളയിൽ ക്ളോർ പൈറിഫോസിന്റെ അളവ് 70 മടങ്ങ് ഉണ്ടെന്ന് കണ്ടെത്തിയതിനാലാണ് അത്തരം ശീതളപാനീയങ്ങളുടെ വില്പന നിരോധിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചത്. തദ്ദേശഭരണ വകുപ്പുമായി ബന്ധപ്പെട്ട് ജൈവവളങ്ങൾ ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പി ക്കുന്നതാണ്. മരുന്നുകളിൽ മായം ചേർക്കുന്നത് തടയുന്നതിന് ഔഷധ രംഗത്ത് ഒരു പുതിയ നയം സ്വീകരിച്ച് മുന്നോട്ടുപോകാൻ ശ്രമിക്കുന്നുണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ആയുർവ്വേദ മരുന്നുകളിൽ അനുവദനീയ മായതിൽ കൂടുതൽ ലോഹാംശങ്ങൾ അടങ്ങിയിട്ടുണ്ടോയെന്ന് പരിശോധി ക്കുന്നതിന് കോട്ടയ്ക്കൽ ആയുർവ്വേദ ആശുപത്രിയിൽ ഉള്ളതുപോലുള്ള

സംവിധാനം ആയൂർവേദ മേഖലയിൽ വ്യാപകമാക്കുന്ന കാര്യം ആലോചിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു..

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

36(*183) <u>പരമ്പരാഗത വ്യവസായങ്ങൾ ശക്തിപ്പെടുത്താൻ നടപടി</u>

വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പ്രധാന പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കരകൗശലം, ഖാദി, കശുവണ്ടി എന്നിവയുടെ തളർച്ച ഒഴിവാക്കാൻ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നറിയിച്ചു. ഉൾപ്രദേശങ്ങളിൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുക, കയർ സഹകരണ സംഘങ്ങളുടെയും കയർ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളുടെയും പുനരുദ്ധാരണം, പർച്ചേസ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്കീം, കെട്ടിക്കിടക്കുന്ന കയർ-കയറുൽപന്നങ്ങളുടെ സംഭരണം, കയർ സഹകരണ സംഘങ്ങൾ സർക്കാരിന് നൽകാനുള്ള വായ്പാ കുടിശ്ശിക ഓഹരിയാക്കി മാറ്റാനുള്ള നടപടി, ഉൽപന്നങ്ങൾക്ക് ശരിയായ വില ഉറപ്പാക്കൽ, ആധുനിക രീതിയിൽ ഉത്പാദനശേഷിയുള്ള കയർ ഫാക്ടറികൾ സഹകരണമേഖലയിൽ സ്ഥാപിക്കാൻ ശ്രമം, ദേശീയ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കൽ, മഹിളാ കയർ യോജനാ പദ്ധതിയുടെ പ്രയോജനം 5 വർഷംകൊണ്ട് ഒരു ലക്ഷം പേർക്ക് ലഭ്യമാക്കുക, കയർ ഭൂവസ്ത്ര വികസന പദ്ധതിക്ക് കൂടുതൽ ഊന്നൽ നൽകുക, ഇടത്തട്ടുകാരുടെയും ഡിപ്പോകളുടെയും ചൂഷണത്തിൽനിന്ന് കയർ മേഖലയെ രക്ഷിക്കുന്നതിനായി ചെറുകിട ഉത്പാദകരെയും സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തി ക്ലസ്റ്ററുകളുടെ രൂപീകരണം, ബ്രാന്റ് ഇമേജ് ഉണ്ടാക്കി ഉൽപന്നങ്ങളെ ആഗോളതലത്തിൽ മാത്സര്യത്തിനു

പ്രാപ്തമാക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുക എന്നിവ കയർ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കയർ വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും ഹൈദ്രാബാദിലെ അഡ്മിനിസ്ട്രേറ്റീവ് കോളേജ് ഓഫ് ഇൻഡ്യ പഠനം നടത്തി 'Study of Coir Industry in Kerala' എന്ന പേരിൽ 2004–ൽ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ പലതും നടപ്പിലാക്കി വരുന്നുണ്ട്. കൈത്തറി മേഖലയിൽ 5 കോടി രൂപയുടെ അധിക ധന സഹായംകൂടി വകകൊളളിക്കുകയും കണ്ണൂരിനെ Town of Export Excellence for Handloom ആയി ഉയർത്തുന്നതിന് 132 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ തീരുമാനിക്കുകയും തിരുവനന്തപുരം ജില്ലയിലെ ദാരിദ്ര്യ രേഖയ്ക്കു താഴെവരുന്ന 4000 നെയ്ത്തുകാരെ സഹായിക്കുന്നതിനായി 14.64 കോടി രൂപയുടെ 'തനിമ' പദ്ധതിയും കണ്ണൂരിലെ 3000 നെയ്ത്തുകാരെ സഹായിക്കുന്നതിനായി 11.08 കോടി രൂപയുടെ 'കൃതിക' പദ്ധതിയും നടപ്പിലാക്കുകയും കണ്ണൂരിൽ National Institute of Fashion സ്ഥാപിക്കുവാൻ 10 ഏക്കർ സ്ഥലം ലഭിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തുവാൻ നടപടി സ്വീകരി ക്കുകയും ചെയ്യുന്നുണ്ട്. 5 ലക്ഷം രൂപ പ്രാഥമിക കരകൗശല സംഘങ്ങൾക്കുളള സർക്കാർ ഓഹരി പങ്കാളിത്തമായും 135 ലക്ഷം രൂപ ഈ മേഖലയിലെ അപ്പക്സ് സ്ഥാപനങ്ങൾക്കുളള ധനസഹായമായും 20 ലക്ഷം രൂപ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിനുളള ധനസഹായമായും 50 ലക്ഷം രൂപ എൻ.ബി.സി.എഫ്.ഡി.സി.യുടെ വായ്പാ

പദ്ധതികൾ നടപ്പിലാക്കുന്നതിനായും 4 ലക്ഷം രൂപ വിദഗ്ദ്ധരായ തൊഴിലാളി കൾക്ക് പെൻഷൻ നൽകുന്നതിനും 10 ലക്ഷം രൂപ ഈറ്റ/മുള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായും 15 ലക്ഷം രൂപ അർബൻ ഹാത് പദ്ധതി യുടെ സംസ്ഥാന വിഹിതമായും ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു. ഖാദി ഗ്രാമ വ്യവസായ മേഖലയുടെ ഉന്നമനത്തിനായി നൂൽപിനും നെയ്ത്തിനും ഉല്പാദന ഇൻസെന്റീവ് നടപ്പിലാക്കുകയും പനമ്പിന്റെയും ഈറ്റയുടെയും വിപണനം ശക്തിപ്പെടുത്തുന്നതിന് ബാംബു കോർപ്പറേഷൻ നടപടികൾ സ്വീകരിക്കുകയും വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ബാംബു ബോർഡ് ഫാക്ടറിയിൽ പനമ്പ് അടിസ്ഥാനമാക്കി കോറുഗേറ്റഡ് ഷീറ്റ് നിർമ്മിക്കുന്നതിനുവേണ്ടി നാഷണൽ ബാംബു മിഷനിൽനിന്നും 160 ലക്ഷം രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. ആഭ്യന്തര തോട്ടണ്ടി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വികസിപ്പിക്കുക, കോർപ്പറേഷന്റെ ഫാക്ടറികളിൽ തുടർച്ച യായി ജോലി നൽകുക, വാല്യൂ ആഡഡ് ഉൽപന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുക, വിദേശ വിപണിയെ ലക്ഷ്യമിട്ട് ഫില്ലിംഗ് യൂണിറ്റുകൾ ആധുനികവൽക്കരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും പ്രത്യേക ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക, പ്രോസ്സസിംഗ് ജീവനക്കാർക്ക് പ്രത്യേക പരിശീലന പരിപാടി ആവിഷ്ക്ക രിച്ച് നടപ്പാക്കുക എന്നിവ കശുവണ്ടി മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്നു.

37 (*188) <u>പണിപൂർത്തീകരിക്കാത്ത വൻകിട ജലസേചന പദ്ധതികൾ</u>

ജലവിഭവ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വൻകിട ജലസേചന പദ്ധതികളായ മൂവാറ്റുപുഴവാലി പദ്ധതിയും ഇടമലയാർ പദ്ധതിയും 2007

അവസാനത്തോടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും മൂവാറ്റുപുഴവാലി പദ്ധതിയുടെ മെയിൻ കനാൽ 100 ശതമാനവും ബ്രാഞ്ച് കനാൽ 75 ശതമാനവും ഡിസ്ട്രിബ്യൂട്ടറി 63 ശതമാനവും ഇടമലയാർ പദ്ധതിയുടെ 50 ശതമാനവും പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

38 (*195) <u>തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ നവീകരണം</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ നവീകരണത്തിനായി പ്രധാനമന്ത്രിയുടെ "സ്വാസ്ഥ്യ സുരക്ഷാ യോജന" യിൻ കീഴിൽ 120 കോടി രൂപയുടെ (100 കോടി രൂപ കേന്ദ്ര വിഹിതം, 20 കോടി രൂപ സംസ്ഥാന വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നറിയിച്ചു. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, പതോളജി തുടങ്ങിയ വിഭാഗങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതുൾപ്പെടെയുള്ള നടപടികൾ;

നിലവിലുള്ള സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ ശക്തിപ്പെടുത്തൽ;

അത്യാഹിതം, ഓപ്പറേഷൻ തിയേറ്റർ, ഇന്റൻസീവ് കെയർ യൂണിറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ;

നിലവിലുള്ള നഴ്സിംഗ് കോളേജുകൾ അപ്ഗ്രേഡ് ചെയ്ത് പാരാമെഡിക്കൽ സ്റ്റാഫിനുള്ള ട്രെയിനിംഗ് സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ;

പോസ്റ്റ് ഗ്രാഡുവേറ്റ് സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കലും നിർമ്മാണ ചെലവുകൾ കുറയ്ക്കലും;

നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ 41 കോടി രൂപയും സംസ്ഥാന സർക്കാർ 20 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം 49.75 കോടി രൂപയുടെ അത്യാധുനിക ചികിത്സാ ഉപകരണങ്ങൾ വാങ്ങാനും 500 കിടക്കകൾ അനുവദിക്കാനും ഉദ്ദേശിക്കുന്നു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

37 (1017 & 1020) ചെറുകിട വ്യവസായങ്ങൾ

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 1851 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാങ്കുകളുടെയും മറ്റു ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി ചെറുകിട വ്യവസായങ്ങളെ പ്രതിസന്ധികളിൽ നിന്നും കരകയറ്റുന്നതിന് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. സാങ്കേതികവിദ്യാ നവീകരണങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ സഹായപദ്ധതികളും അതിൻപ്രകാരം സബ്സിഡിയും അനുവദിക്കുന്നുണ്ട്. നവീകരണ പദ്ധതികൾക്ക് സംസ്ഥാന നിക്ഷേപക സബ്സിഡിയും നൽകിവരുന്നുണ്ട്. പീഡിത

വ്യവസായ പുനരുദ്ധാരണ പദ്ധതിപ്രകാരം പ്രതിസന്ധിയിലകപ്പെട്ട ചെറുകിട യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിനും ഉല്പന്നങ്ങളുടെ വിപണന ത്തിനുമായി വിപണന പ്രചോദന സഹായം, ക്ലസ്റ്റർ വികസന മാതൃക അവലംബിച്ചുള്ള സഹായങ്ങൾ, എക്സിബിഷനുകൾ സംഘടിപ്പിക്കൽ, ഉല്പാദകരെയും വാങ്ങുന്നവരെയും ഒരേവേദിയിലെത്തിക്കുന്ന തരത്തിലുള്ള ബി ടു ബി പോലെയുള്ള മീറ്റുകൾ എന്നിവ സംഘടിപ്പിക്കു കയും കൂടുതൽ വ്യവസായ വികസന സ്ഥലങ്ങൾ കണ്ടെത്തുന്നതിനും ഇലക്ട്രിസിറ്റി കണക്ഷൻ, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും നടപടികളെടുക്കുകയും ടാസ്ക് ഫോഴ്സ് കമ്മിറ്റി യോഗം ചേർന്ന് പരിഹാര നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

38 (1035) <u>കിൻഫ്രയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ നടപടി</u>

കേരളത്തിൽ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ പ്രോത്സാഹനത്തിനും വളർച്ചയ്ക്കും വേണ്ടിയുള്ള അടിസ്ഥാന സൗകര്യ ങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കിൻഫ്ര ഇതിനോടകംതന്നെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി 18-ഓളം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തിയാക്കുകയും വയനാട് ജില്ലയിൽ ഒരു ഭക്ഷ്യസംസ്ക്കരണ പാർക്കും പാലക്കാട് ജില്ലയിൽ ഒരു ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്കും ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഒരു ഹൈടെക്ക് പാർക്കിന്റെ നിർമ്മാണ പ്രവർത്തനവും തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിൽ പ്രത്യേക സാമ്പത്തിക മേഖലകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്.

കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ ഇക്കൊല്ലംതന്നെ നടപ്പിലാക്കുന്നതാണ്.

39 (1214) <u>സൗജന്യ നിയമസഹായം</u>

പൊതുജന സേവന രംഗങ്ങളിലെ നീതി നിഷേധവും മറ്റ് തർക്കങ്ങളും സങ്കീർണ്ണവും ചെലവേറിയതുമായ കോടതി നടപടികളും ഒഴിവാക്കിക്കൊണ്ട് ജനങ്ങൾക്ക് ലളിതവും സൗജന്യവുമായ ഒരു സ്ഥിരം അദാലത്തിലൂടെ വേഗത്തിൽ പരിഹാരം കാണുന്നതിനായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകൾ പ്രവർത്തനമേഖലകളാക്കി തിരുവനന്തപുരത്ത് സ്ഥിരം ലോക് അദാലത്ത് സ്ഥാപിച്ചിട്ടുണ്ട്. നിയമവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുക, ജനങ്ങളിൽ നിയമാവബോധം ഉളവാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പ്രസിദ്ധീകരണങ്ങൾ ആരംഭിക്കുക, കോടതി പരിസരത്ത് ആവശ്യമായ ഇരിപ്പിട സൗകര്യങ്ങൾ (Letigants Benches) ലഭ്യമാക്കുക എന്നിവയാണ് ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ ലക്ഷ്യങ്ങൾ.